LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്ന വിഷയത്തിൽ 'കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്' നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് IT മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പുതുതായി നിർമ്മിക്കുന്ന ട്രഷറികളിലും നവീകരിക്കുന്ന ട്രഷറികളിലും ATM സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ട്രഷറി നെറ്റ് വർക്കിംഗ് പൂർത്തിയാക്കുകയും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ട്രഷറികളിൽ ATM സംവിധാനം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും തമ്മിൽ ബന്ധിപ്പിച്ചുള്ള ഒരു താൽക്കാലിക നെറ്റ് വർക്ക് സംവിധാനം (Virtual Private Network-VPN) ഇപ്പോൾ നിലവിലുണ്ട്. പൂർണ്ണമായ തലത്തിൽ ട്രഷറികളെ 'ഓൺലൈൻ' ആയി ബന്ധിപ്പിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി 20-9-2014-ലെ സ.ഉ.(സാധാ)നമ്പർ7186/2014/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ട്രഷറി സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപങ്ങൾ

234(574) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിലവിലുള്ള നിക്ഷേപം മൊത്തം എത്ര കോടി രൂപയുടെതാണ് ; പൊതു മേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങി ഓരോ മേഖലയിൽ നിന്നുള്ള നിക്ഷേപങ്ങൾ എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) ട്രഷറി സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നതിന് മുൻവർഷം എത്ര തുക ചെലവായിട്ടുണ്ട് നിലവിലുള്ള നിക്ഷേപങ്ങൾക്ക് തന്നാണ്ടിൽ നൽകേണ്ടിവരുന്ന പലിശ എത്രയായിരിക്കും ;

(സി) ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി നൽകിയ നിർദ്ദേശങ്ങൾ ഏതെല്ലാം തീയതികളിലായിരുന്നു ; നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ട്രഷറി ഡയറക്ടർ നൽകിയ കണക്കുകൾ പ്രകാരം 27-11-2014-ൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിലവിലുള്ള മൊത്തം നിക്ഷേപം 15941.25 കോടി രൂപയാണ്. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം 5279.49 കോടി രൂപയും, ക്ഷേമനിധി ബോർഡുകളുടെ നിക്ഷേപം 628.49 കോടി രൂപയും, സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 139.24 കോടി രൂപയുമാണ്.

(ബി&സി) ട്രഷറി സേവിംഗ്സ് അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നതിന് മുൻവർഷം ചെലവായ തുക 560.32 കോടി രൂപയാണ്. നിലവിലുള്ള നിക്ഷേപങ്ങൾക്ക് തന്നാണ്ടിൽ നൽകേണ്ടിവരുന്ന പലിശ 275.80 കോടി രൂപയായിരിക്കും.ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിലേയ്ക്കായി 29-8-2009 തീയതിയിലെ സർക്കുലർ നമ്പർ 75/09/ധന., 6-1-2012 തീയതിയിലെ സർക്കുലർ നം.3/2012/ധന., 22-2-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 77/2014/ധന., 5-9-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 385/2014/ധന., 3-9-2014 തീയതിയിലെ ജി.ഒ.(പി) നമ്പർ 383/2014/ധന., എന്നീ ഉത്തരവുകൾ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഠിസർവ് ബാങ്കിലെ കണക്കുകൾ

235 (575) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഒക്ടോബർ 7 ന് സംസ്ഥാന ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഉണ്ടായിരുന്ന നിക്ഷേപങ്ങൾ മൊത്തം എത്ര കോടിയായിരുന്നു ; ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ എത്രയായിരുന്നു ; വിശദവിവരം നല്കാമോ ;

(ബി) ബോർഡുകളുടേയും കോർപ്പറേഷനുകളുടേയും നിക്ഷേപങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങൾ എത്രയായിരുന്നു ; വിശദവിവരം നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly